2316
9/2/21

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങളെ (SIUC ഒഴികെ) സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ. ഉ. (കൈ) നം.02/2021/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 06.02.2021.

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 28.01.2021 -ലെ റിപ്പോർട്ട്.

## ഉത്തരവ്

നിലവിൽ നാടാർ സമുദായത്തിൽപ്പെട്ട ഹിന്ദു നാടാർ, എസ്.ഐ.യു.സി. നാടാർ എന്നീ വിഭാഗങ്ങൾക്ക് മാത്രമാണ് വിദ്യാഭ്യാസം, ഉദ്യോഗം ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾക്ക് സംവരണം ലഭിക്കുന്നതെന്നും ഇപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എസ്.ഐ.യു.സി. ഒഴികെയുള്ള നാടാർ ക്രൈസ്തവരെ ഒന്നാകെ മറ്റ് പിന്നാക്ക വിഭാഗത്തിൽ (ഒ.ബി.സി.) ഉൾപ്പെടുത്തി ആനുകൂല്യം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിവേദനങ്ങൾ ലഭിച്ചിരുന്നു

2. ഈ വിഷയം സംബന്ധിച്ച് പിന്നാക്ക വിഭാഗ കമ്മീഷൻ വിശദമായ പഠനം നടത്തി സൂചന പ്രകാരം സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചു. സംസ്ഥാന ഒ.ബി.സി.പട്ടികയിൽ ഹിന്ദു നാടാർ സമുദായത്തെ ഐറ്റം നമ്പർ 49 ആയും 49 A ആയി SIUC നാടാർ വിഭാഗത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഒ.ബി.സി. പട്ടികയിൽ നാടാർ [ഹിന്ദു നാടാർ, SIUC നാടാർ, എസ്.ഐ.യു.സി. ഒഴികെ ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ (Nadar belonging to Christian religious denominations other than the SIUC)] എന്നീ വിഭാഗങ്ങളെ ഐറ്റം നമ്പർ 42 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല

3. ഈ സാഹചര്യത്തിൽ എസ്.ഐ.യു.സി. ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ (Nadar belonging to Christian religious denominations other than the SIUC), 1958 -ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട്-1 ഷെഡ്യൂളിൽ ലിസ്റ്റ് III ഇനം നമ്പർ 49C ആയി സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ബഹു. കമ്മീഷൻ ശുപാർശ ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശുപാർശ അംഗീകരിച്ച് എസ്.ഐ.യു.സി. ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള നാടാർ സമുദായത്തെ (Nadar belonging to Christian religious denominations other than the SIUC) 1958 -ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട്-1 ഷെഡ്യൂളിൽ ലിസ്റ്റ് III ഇനം നമ്പർ 49C ആയി സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തി സംവരണാനുകൂല്യം അനുവദിക്കുന്നതിന് ഉത്തരവാകുന്നു.

(.....2)

5. ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പുനീത് കുമാർ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (03.02.2021 -ലെ ഇനം നം.4590 O.A. പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
റവന്യൂ വകുപ്പ്
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (കെ.എസ് & എസ്.എസ്.ആർ -ൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

**OA**

OA-4590
03.02.2021

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വിവിധ ക്രിസ്ത്യൻ മത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങൾക്ക് ഒ.ബി.സി വിഭാഗങ്ങൾക്ക് അർഹമായ സംവരണം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

നിലവിൽ നാടാർ സമുദായത്തിൽപ്പെട്ട ഹിന്ദു, SIUC ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് മാത്രമാണ് വിദ്യാഭ്യാസം, ഉദ്യോഗം ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾക്ക് സംവരണം ലഭിക്കുന്നതെന്നും, ഇപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് നാടാർ ക്രൈസ്തവരെ (SIUC ഒഴികെ) ഒന്നാകെ മറ്റ് പിന്നാക്ക വിഭാഗത്തിൽ (ഒ.ബി.സി) ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ലൂഥറൻ ക്രൈസ്തവ സാംസ്ക്കാരിക വേദി സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു.

ഇക്കാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷനോട് സർക്കാർ ആവശ്യപ്പെട്ടു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ഈ വിഷയത്തെ കുറിച്ച് പഠിച്ച് സർക്കാരിന് 28.01.2021 ന് റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ പ്രസക്ത ഭാഗം താഴെ പറയും പ്രകാരമാണ്.

The State of Travancore, State of Travancore Cochin and the State of Kerala treated Hindu Nadars as a separate class and SIUC as another class which include Nadar Christians and other denominations who were converted to Christianity. On 20/06/1979 Government by issuing GO (MS) 341/79/GAD made amendments to OBC List by inserting as item 49 Hindu Nadars and Nadars included in SIUC and substituting item 64 as SIUC (excluding Nadars specified in item 49). There after the OBC list was amended by splitting item no.49 as item 49-Hindu Nadars and item no.49A-Nadars included in the SIUC. Item no.64 was amended as SIUC (excluding Nadars specified in item 49 A). The above amendments were carried out in the list of Other Backward Classes in the Schedule to Part I, KS&SSR on the strength of the Government Order GO (MS) 104/2009/SCSTDD dated 21/11/2009.

The result of not treating Nadars belonging to Christian religious denominations other than SIUC as backward class is that even in an individual

Christian Family of Nadar community there is a possibility of there being individuals coming Under Other Backward Classes as well as those who are not coming under other backward classes. When a caste or community is included in the list of backward classes all members of that caste or community have to be treated as backward irrespective of their religion, unless any of them is shown to be socially and educationally not backward. When a Hindu caste is included in the list of Backward Classes there is no justification for leaving out the members of that caste who follow religion other than Hinduism unless that section is found to be socially and educationally advanced.

Nadar (Hindu Nadar, Nadar included in SIUC and Nadar belonging to Christian religious denominations other than the SIUC) is included in the Central List of Other Backward Classes (Kerala) as entry number 42. In the State list of Other Backward Classes entry number 49 is Hindu Nadars and entry number 49 A is Nadars included in SIUC. There appears to be no specific reason for not including Nadar Christians other than those who are included in the SIUC in the State List of Other Backward Classes.

മേൽ സാഹചര്യം പരിഗണിച്ച് SIUC ഒഴികെ വിവിധ ക്രിസ്ത്യൻ മതവിഭാഗങ്ങളിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങളെ 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം I ഷെഡ്യൂളിലെ ലിസ്റ്റ് III ൽ ഇനം നം. 49C ആയി ഉൾപ്പെടുത്താവുന്നതാണെന്ന് ബഹു.കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആക്റ്റ് 1993 (Act 11 of 1993) സെക്ഷൻ 9(1) പ്രകാരം കമ്മിഷൻ സമർപ്പിച്ചിട്ടുള്ള ശുപാർശ അംഗീകരിച്ച് SIUC ഒഴികെയുള്ള ക്രിസ്ത്യൻ മതവിഭാഗത്തിലുള്ള നാടാർ സമുദായങ്ങൾക്ക് (Nadar belonging to Christian religious denominations other than the SIUC) ഒ.ബി.സി സംവരണം നൽകുന്നതിന് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ഭാഗം I ഷെഡ്യൂളിൽ ലിസ്റ്റ് III ൽ ഇനം നം. 49C ആയി ചേർത്ത് സംവരണാനുകൂല്യം നൽകാമോ?

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-02-2021

ഇനം നം: 4590
O.A.

വിഷയം : പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് - ക്രിസ്ത്യൻ മത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങൾക്ക് (SIUC ഒഴികെ) ഒ.ബി.സി. വിഭാഗങ്ങൾക്ക് അർഹമായ സംവരണം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗക്ഷേമ വകുപ്പ്.

SO (A)
Pl. put up draft GO
4/2/21
AS.